ലക്ഷ്യം. ഇവർ കടുത്ത കമ്യൂണിസ്റ്റ് വിരോധികളുമാണ്. ഇവരുടെ തലവനായ ഹെക്മത്യാർ എന്ന 39 വയസ്സുകാരനായ പഠാനെയാണ് പാകിസ്ഥാൻകാരും അമേരിക്കക്കാരും ഇന്നോളം ഏററവുമധികം സഹായിച്ചു വന്നിട്ടുള്ളത്.

ഉഗ്ര—മതവാദികളുടെ മറെറാരു സംഘം 'ജമായത്തേ ഇസ്ലാമി' എന്ന പേരിൽ അറിയപ്പെടുന്നു. റബ്ബാനി എന്ന ഒരു മുൻ പ്രൊഫസറാണ് ഇവരുടെ തലവൻ. ഇദ്ദേഹം താജിക്ഗോത്രത്തിൽപെട്ട ആളാണ്. പഠാൻകാർ കഴിഞ്ഞാൽ, അഫ്ഘാനിസ്ഥാനിലെ ഏററവും വലിയ ഗോത്രം താജിക്കുകളുടേതാണ്. റബ്ബാനിക്കും കിട്ടിയിട്ടുണ്ട് ധാരാളം അമേരിക്കൻ സഹായം. അഫ്ഘാനിസ്ഥാനിസ്ഥാനകത്ത് കാബൂളിന് വടക്കായി ഒളിപ്പോർ നടത്തുന്ന അഹമ്മദ് മസൂദ് എന്ന ഗറില്ലപ്പടയാളിയുമായി റബ്ബാനിക്കു ബന്ധമുണ്ട്. ഇത്തരം ഏഴോ എട്ടോ ഗറില്ലപ്പടയാളികൾ അഫ്ഘാനിസ്ഥാനകത്തു പ്രവർത്തിച്ചുവരുന്നു.

മൂന്നു മുജാഹിദ്സംഘങ്ങൾ ഉഗ്ര—മതവാദികളല്ല. അഫ്ഘാനിസ്ഥാനിലെ പഴയ ഗോത്രവർഗഭരണം പുനഃസ്ഥാപിക്കുകയാണ് ഇവരുടെ ലക്ഷ്യം.

മുജാഹിദുകളുടെയിടയിലെന്നപോലെ, ഭരണകക്ഷിയായ പി. ഡി. പി. യിലുമുണ്ട് പല ആഭ്യന്തരമത്സരങ്ങൾ. പാർച്ചം, ഖൽക് എന്നീ പേരുകളിൽ ആ പാർട്ടി നെടുകെ പിളർന്നിട്ട് പല വർഷങ്ങളായി. അടുത്തകാലത്ത് അഫ്ഘാനിസ്ഥാനിലുണ്ടായ അസ്ഥിരതയുടെ മുഖ്യകാരണം ഭരണകക്ഷിയിലെ ഈ ഭിന്നിപ്പായിരുന്നു.

ശത്രുവിൻെറ ശത്രു ബന്ധുവാണല്ലോ. ഇന്ത്യയുടെ ശത്രുവായ പാകിസ്ഥാൻെറ ശത്രുവായ അഫ്ഘാനിസ്ഥാനും ഇന്ത്യയും തമ്മിൽ വളരെ അടുത്ത സൗഹൃദബന്ധം ആദ്യംമുതൽ നിലവിലുണ്ട്. സൈനികസമാധാനം നിലവിൽ വന്നുകഴിഞ്ഞാൽ അഫ്ഘാനിസ്ഥാനെ സാമ്പത്തികമായും സാംസ്കാരികമായും വികസിപ്പിക്കുന്നതിനു പരമാവധി സഹായം ഇന്ത്യ വാഗ്ദാനം ചെയ്തിട്ടുണ്ട്. മേയ് ആദ്യവാരത്തിൽ പ്രസിഡണ്ട് നജീബുള്ള ഇന്ത്യ സന്ദർശിച്ചത്, ഈ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സഖ്യത്തെ ദൃഢതരമാക്കുന്നതിന് ഉപകരിച്ചു.

റഷ്യൻപട പിന്മാറുന്നതോടെ, അഫ്ഘാനിസ്ഥാനിലെ ആഭ്യന്തരസമരം മൂർച്ഛിക്കുമോ? അതോ, ഇപ്പോൾ സർക്കാരിനെതിരായി പൊരുതിക്കൊണ്ടിരിക്കുന്ന ഗ്രൂപ്പുകളിൽ പ്രധാനപ്പെട്ടവയെ ഉൾക്കൊള്ളിച്ച്, ജനാധിപത്യത്തിനും പുരോഗതിക്കുംവേണ്ടി നിലകൊള്ളുന്ന, വിശാലമായ അടിസ്ഥാനത്തിലുള്ള, ഒരു ഗവണ്മെൻറ് സ്ഥാപിക്കാനും ആഭ്യന്തരകലാപങ്ങൾ ഒതുക്കി സമാധാനം നിലവിൽ വരുത്താനും പുരോഗതിക്കുള്ള പ്രവർത്തനങ്ങൾ ആസൂത്രണംചെയ്യാനും പ്രസിഡണ്ട് നജീബുള്ളയ്ക്കു സാധിക്കുമോ? അഫ്ഘാനിസ്ഥാനിലെ സമാധാനം (അല്ലെങ്കിൽ ആഭ്യന്തരകലാപം) ഇന്ത്യ—പാകിസ്ഥാൻബന്ധങ്ങളെ എങ്ങനെയാണ് ബാധിക്കുക?

ഈ ചോദ്യങ്ങളിലും ചരിത്രം അവസ്സു നൽകാനിരിക്കുന്ന ഉത്തരങ്ങളിലും നമുക്ക് ആഴമേറിയ താല്പര്യം ഉണ്ടായിരിക്കണം.

(7, മെയ് 1988)

## 12. ബർമ

ഇന്ത്യയുടെ കിഴക്കുഭാഗത്ത്, ബംഗാൾ ഉൾക്കടലിൻെറ കിഴക്കെ കരയിൽ സ്ഥിതിചെയ്യുന്ന ഒരു സ്വതന്ത്ര രാഷ്ട്രമാണ് ബർമ. ബർമയുടെ പടിഞ്ഞാറെ അതിർത്തിയിൽ ഇന്ത്യയും ബംഗ്ലാദേശും, കിഴക്കെ അതിർത്തിയിൽ ചൈന, ലാവോസ്, തായ്ലാൻഡ് എന്നീ രാജ്യങ്ങളുമാണ്. ഏഴു സ്റ്റേറുകളും,

ഏഴ് അഡ്മിനിസ്ട്രേറ്റീവ് ഡിവിഷനുകളുമടങ്ങുന്ന ബർമയ്ക്ക് 2,61,789 ചതുരശ്രമൈൽ വിസ്താരമുണ്ട്. മൂന്നര കോടിയിൽ അല്പം കൂടുതൽ ജനങ്ങളേ, 1983–ലെ ജനഗണനപ്രകാരം, അവിടെയുള്ളൂ.

ബർമയുടെ കിഴക്കും പടിഞ്ഞാറും വടക്കും ഉയർന്ന മലനിരകളാണ്. ഇവയ്ക്കിടയിലുള്ള മൈതാനപ്രദേശത്തിന് ഇരാവതി നദിയും അതിന്റെ പല പോഷകനദികളും ഫലപുഷ്ടി നൽകുന്നു. ധാരാളം മഴയുള്ള ഉഷ്ണമേഖലാ–കാലാവസ്ഥയാണ് ബർമയിൽ. ബർമയിൽനിന്ന് പണ്ട് അരി ധാരാളമായി കയറ്റി അയച്ചിരുന്നു. ബർമയിലെ കാടുകളിലെ തേക്ക് ലോകപ്രസിദ്ധി യാർജിച്ചതാണ്. എണ്ണയും, തകരം, ഈയം മുതലായ ലോഹങ്ങളും ബർമ യിലെ മണ്ണിന്നടിയിൽ സമൃദ്ധിയായുണ്ട്. ഒരു കാലത്ത് ഏഷ്യയിലെ ഏററവും സമൃദ്ധമായ ഭൂഭാഗമായി ബർമ കരുതപ്പെട്ടിരുന്നു.

മംഗോൾ വർഗത്തിൽപ്പെട്ട ബർമക്കാരാണ് ജനസംഖ്യയിൽ എഴുപത്തഞ്ചു ശതമാനവും. കാരേൻ, ഷാൻ മുതലായ ഗോത്രവർഗങ്ങളിൽപ്പെട്ടവർ അതിർത്തികളിൽ പാർക്കുന്നു. ഇവരെ പൂർണമായും വരുതിയിൽക്കൊണ്ടുവരാൻ ബർമ യിലെ ഒരു ഗവണ്മെൻറിനും സാധിച്ചിട്ടില്ല. ക്രിസ്തുവർഷം 9–ാം നൂററാണ്ടി ലാണ് ബർമക്കാരുടെ ചരിത്രം ആരംഭിക്കുന്നത്. പതിനൊന്നാം നൂററാണ്ടാ വുമ്പോഴേക്ക് ബുദ്ധമതം ബർമയിൽ പരന്നു. എ. ഡി. 1287–ൽ ചൈനയി ലെ മംഗോൾ നേതാവായ കുബ്ലൈഖാൻ ബർമ കീഴടക്കി. പതിനെട്ടാം നൂററാണ്ടിന്റെ മദ്ധ്യത്തിൽ ഒരു പുതിയ രാജവംശം രംഗൂൺ തലസ്ഥാനമാക്കി ഭരണമാരംഭിച്ചു. തുടർച്ചയായ യുദ്ധങ്ങളിലൂടെ ഈ രാജവംശത്തെ തോല്പിച്ച്, ബ്രിട്ടീഷുകാർ ബർമ പിടിച്ചടക്കി അവരുടെ ഇന്ത്യൻ സാമ്രാജ്യത്തോടു ചേർത്തു. 1937–ൽ ഇന്ത്യയിൽനിന്ന് വേർപെടുത്തി ബർമയ്ക്ക് ഒരു വ്യത്യസ്ത രാജ്യപദവി ബ്രിട്ടീഷുകാർ നൽകി. രണ്ടാം മഹായുദ്ധകാലത്ത് ജപ്പാൻകാർ ബർമ പിടിച്ചു; അവിടെ ബർമക്കാരുടെ ഒരു പാവ–സർക്കാർ ഉണ്ടാക്കുകയും ചെയ്തു. ഇക്കാലത്ത് യുവാവായിരുന്ന ഓങ്സാൻ ജപ്പാൻകാരുടെ ഭാഗത്തു ചേർന്ന് ബ്രിട്ടീഷ് സൈന്യങ്ങൾക്കെതിരെ പൊരുതി ബർമീസ് ജനതയു ടെ വീരനേതാവായി ഉയർന്നു. ബ്രിട്ടീഷുകാർ എന്നന്നേക്കുമായി ബർമ കൈയൊഴിച്ചുപോയപ്പോൾ, യുദ്ധത്തിന്റെ അന്തിമദിനങ്ങളിൽ, ഓങ്സാനും അനുയായികളും ജാപ്പനീസ് പട്ടാളത്തിനെതിരെ ഗറില്ലായുദ്ധം സംഘടിപ്പി ക്കുകയും ബർമയെ മിക്കവാറും വിമോചിപ്പിക്കുകയുംചെയ്തു. ആധുനിക ബർമ ഉദയംകൊണ്ടത് ഈ സമരാഗ്നിയിൽനിന്നാണെന്നു പറയാം. എന്നാൽ, ദേശീയ സ്വാതന്ത്ര്യത്തെ സ്ഥിരമായ അസ്ഥിവാരത്തിൽ ഉറപ്പിക്കാൻ ഓങ്സാന് സമയം കിട്ടിയില്ല. 1947 ജൂലൈ 19–ാം തീയതി ഓങ്സാനും ആറു സഹപ്രവർത്തകരും മന്ത്രിസഭായോഗത്തിൽവെച്ച് ഒരു രാഷ്ട്രീയ പ്രതിയോ ഗിയുടെ കൂലിത്തോക്കുകാരാൽ കൂട്ടക്കൊലചെയ്യപ്പെട്ടു. 1948–ൽ ബർമീസ് റിപ്പബ്ലിക്കിന്റെ ആദ്യത്തെ പ്രസിഡണ്ടായ സാവോഷ്വേ തൈക്കേ അവസാ നത്തെ ബ്രിട്ടീഷ് ഗവർണരിൽനിന്ന് അധികാരമേററുവാങ്ങി. ബർമ ബ്രിട്ടീഷ് കോമൺവെൽത്തിൽ അംഗത്വം സ്വീകരിച്ചില്ല.

ബർമീസ് പ്രസിഡണ്ടായിരുന്ന ഊനുവിനെ അധികാരഭ്രഷ്ടനാക്കി പട്ടാളത്തലവനായ ജനറൽ നേവിൻ 1962–ൽ അധികാരം പിടിച്ചെടുക്കുക യും ഭരണഘടന റദ്ദാക്കുകയുംചെയ്തു. 1973–ൽ നേവിൻ ഒരു പുതിയ ഭരണ ഘടന പ്രഖ്യാപിച്ചു. ഇതനുസരിച്ച് 1974 മാർച്ച് 2–ാം തീയതി പട്ടാള ഭരണം അവസാനിക്കുകയും, ബർമ ഒരു ഏക–കക്ഷി–സോഷ്യലിസ്റ്റ്–റിപ്പ ബ്ലിക് ആയിത്തീരുകയുംചെയ്തു. 'ബർമ സോഷ്യലിസ്റ്റ് പ്രോഗ്രാം പാർട്ടി' (ബി. എസ്. പി. പി.) എന്ന കക്ഷിക്ക് മാത്രമായി ബർമയിൽ പ്രവർത്തന സ്വാതന്ത്ര്യം. പുതിയ ഭരണഘടനപ്രകാരം ജനറൽ നേവിൻ 1974–ൽ പ്രസിഡ ണ്ടായിത്തീർന്നു. 1981–ൽ ഈ പദവി ഒഴിഞ്ഞെങ്കിലും നേവിൻ ബി. എസ്. പി. പി.യുടെ ചെയർമാൻ പദവി നിലനിർത്തി. പാർട്ടിയുടെ പിന്നിൽ

ശരിക്കു ഭരിച്ചതു് നേവിന്റെ പട്ടാളമായിരുന്നു. 1988 ജൂലൈവരെ നീണ്ടുനിന്ന ഈ ഭരണത്തിനു കീഴിൽ, ഏഷ്യയിലെ ഏററവും സമ്പന്നമായ രാജ്യം എന്ന നിലയിൽനിന്നു് ബർമ ലോകത്തിലെ ഏററവും ദരിദ്രങ്ങളായ രാജ്യങ്ങളിൽ ഒന്നു് എന്ന നിലയിലേക്കു് അധഃപതിച്ചു. അഴിമതി ബർമയിൽ സാർവത്രികമായി; ജീവിതം ദുസ്സഹമായി. ജനങ്ങൾക്കിടയിൽ പ്രതിഷേധപ്രസ്ഥാനങ്ങൾ സ്വയം വളർന്നുവന്നു. ഇവയ്ക്കു് വിദ്യാർത്ഥികൾ നേതൃത്വം നൽകി. നീണ്ടുനിന്ന ജനകീയ രോഷപ്രകടനങ്ങൾക്കു മുമ്പിൽ പിടിച്ചുനില്ക്കാനാവാതെ ജനറൽ നേവിൻ 1988 ജൂലൈയിൽ, ഇരുപത്താറു വർഷമായി താൻ കൈവശം വെച്ചുപോന്ന അധികാരം 'സ്വമേധയാ' ഉപേക്ഷിച്ചു. ബി. എസ്. പി. പി.യുടെ ചെയർമാൻ പദവി അദ്ദേഹം ഒഴിഞ്ഞു.

തന്റെ ആശ്രിതനും സർക്കാർ സുരക്ഷാസൈനികരുടെ കമാൻഡറും ആയിരുന്ന ബ്രിഗേഡിയർ ജനറൽ സൈൻല്വിന്റെ കൈകളിലേക്കാണു് നേവിൻ അധികാരം ഏല്പിച്ചുകൊടുത്തതു്. സർക്കാരിനെ എതിർത്തു എന്ന കാരണത്തിനു് എത്രയോ ആളുകളെ, കൂടുതലും വിദ്യാർത്ഥികളെ, വെടിവെച്ചുകൊന്നു് കുപ്രസിദ്ധി നേടിയ സൈൻല്വിനെ പാർട്ടി ചെയർമാനും ഭരണാധികാരിയുമാക്കിയതു് ജനരോഷം ആളിക്കത്തിക്കാനേ ഉപകരിച്ചുള്ളു. പതിനെട്ടു ദിവസങ്ങൾക്കുശേഷം സൈൻല്വിൻ രാജിവെച്ചു. നിയമവിദഗ്ധനെന്നു് പേരെടുത്തിരുന്ന മുൻ ജഡ്ജി മൗങ് മൗങ് ആ സ്ഥാനത്തു് നിയമിതനായി. നേവിൻ ബർമ വിട്ടുപോയതായി കിംവദന്തി പരന്നു.

ഇതിനിടെ സർക്കാരിനെതിരായ ജനകീയപ്രസ്ഥാനത്തിന്റെ മുന്നണിയിൽ നാലു നേതാക്കൾ പ്രത്യക്ഷപ്പെട്ടു. 1962–ൽ നേവിൻ അധികാരഭ്രഷ്ടനാക്കിയ പ്രസിഡണ്ട് ഊനു ആയിരുന്നു ഇവരിലൊരാൾ. മതകാര്യങ്ങളിൽ മുഴുകിക്കഴിയുകയായിരുന്ന വയോവൃദ്ധനായ ഊനു, തന്നെ നേവിൻ പ്രസിഡണ്ട്സ്ഥാനത്തുനിന്നൊഴിവാക്കിയതു് നിയമവിരുദ്ധമായിട്ടാകയാൽ താൻ ഇപ്പോഴും ബർമയുടെ പ്രസിഡണ്ടാണെന്നു് വാദിച്ചു. ബർമയുടെ സ്ഥാപകനേതാവായിരുന്ന ഓങ്സാന്റെ പുത്രി ഓങ്സാൻ സൂക്യി ആയിരുന്നു നേതൃസ്ഥാനത്തു പ്രത്യക്ഷപ്പെട്ട മറെറാരു വ്യക്തി. പിതാവിന്റെ മരണത്തിനു ശേഷം ഇന്ത്യയിലും ബ്രിട്ടനിലുമായി ജീവിച്ചിരുന്ന സൂക്യി വളരെ പെട്ടെന്നു് യുവപ്രക്ഷോഭകരുടെ കണ്ണിലുണ്ണിയായി ഉയർന്നു. പട്ടാളത്തിൽനിന്നു റിട്ടയർചെയ്ത ബ്രിഗേഡിയർ തിൻ ഊ, ജനറൽ ഔങ് ഗ്യി എന്നിവരും പ്രക്ഷോഭകരുടെ നേതൃത്വത്തിനെത്തി. പട്ടാളക്കാരിലും സർക്കാർ ഉദ്യോഗസ്ഥന്മാരിലും വലിയ ഒരു വിഭാഗം ഇവരോടു് ഒത്തുചേരാൻ തയ്യാറായി.

മൗങ് മൗങ് ഗവണ്മെന്റ് ഈ പ്രക്ഷോഭകരുടെ പല ആവശ്യങ്ങളും അനുവദിച്ചു. തെരുവുയുദ്ധം ഏറെക്കുറെ അവസാനിച്ചു. ബർമയിൽ പാർട്ടികൾ രൂപവൽക്കരിക്കുന്നതും അവ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും നിയമവിധേയമായി. രാജ്യത്തു് സാധാരണസ്ഥിതി നിലവിൽ വന്നുകഴിഞ്ഞാലുടനെ പുതിയ തിരഞ്ഞെടുപ്പു നടത്തുമെന്നു് പ്രഖ്യാപിക്കപ്പെട്ടു.

ജനാധിപത്യപരമായ തിരഞ്ഞെടുപ്പിനു് കളമൊരുക്കുന്നതിനായി ജനങ്ങളുടെ പിന്തുണയുള്ള ഒരു താല്ക്കാലിക മന്ത്രിസഭ ഉടൻ രൂപവൽക്കരിക്കണമെന്ന പ്രക്ഷോഭകരുടെ ആവശ്യം മാത്രം അംഗീകരിക്കപ്പെട്ടില്ല. അതിനാൽ പ്രക്ഷോഭണങ്ങൾ തുടർന്നു. സർക്കാർ ആപ്പീസുകളും വ്യാപാരസ്ഥാപനങ്ങളും അടഞ്ഞുകിടന്നു. ഗതാഗതം നിലച്ചു. ബർമയിൽ ഗവണ്മെന്റ് ഇല്ലാതായി.

ഈ സന്ദർഭത്തിൽ പട്ടാളം വീണ്ടും രംഗത്തുവന്നു. നേവിൻ ഗവണ്മെന്റിൽ രാജ്യരക്ഷാമന്ത്രിയും പട്ടാളത്തിന്റെ ചീഫ് ഓഫ് സ്റ്റാഫും ആയിരുന്ന ജനറൽ സോ മൗങ് 1988 സെപ്തംബർ 18–ാം തീയതി 'നിയമസമാധാനസ്ഥാപനത്തിനുള്ള പട്ടാളത്തിന്റെ സ്റ്റേററ് കമ്മററി' സ്ഥാപിച്ചതായി പ്രഖ്യാപിച്ചു. രാജ്യത്തുടനീളം നിശാനിയമം നടപ്പിലാക്കി. പാർല

മെൻറും മന്ത്രിസഭയും പിരിച്ചുവിട്ടു. സർക്കാർ ഉദ്യോഗസ്ഥന്മാരോട് ആപ്പീകളിലും തൊഴിലാളികളോട് ഫാക്ടറികളിലും പോകാൻ ആജ്ഞാപിച്ചു.

പുതിയ പട്ടാളഭരണം ബഹു–പാർട്ടി അടിസ്ഥാനത്തിലുള്ള ജനാധിപത്യത്തെ അനുകൂലിക്കുന്നുണ്ട്. എന്നാൽ, ബർമയിലാകെ സമാധാനം നിലവിൽവരികയും, ഗതാഗതവും ഭക്ഷ്യവിതരണവും പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തശേഷമേ തിരഞ്ഞെടുപ്പു നടത്തുകയുള്ളൂ. ജനാധിപത്യാടിസ്ഥാനത്തിൽ പാർട്ടികൾ രൂപവൽക്കരിക്കാൻ വിരോധമില്ല. പക്ഷേ, അഞ്ച് ആളുകളിലധികമുള്ള യോഗങ്ങൾ ചേരാനോ പ്രസംഗിക്കാനോ പാടില്ല.

പട്ടാളം ഒരു മന്ത്രിസഭ രൂപവൽക്കരിച്ചിട്ടുണ്ട്. സോമൗങ് ആണ് രാജ്യരക്ഷാമന്ത്രിയും വിദേശമന്ത്രിയും. 1974–ലെ ഭരണഘടനയനുസരിച്ച് നിലവിലുണ്ടായിരുന്ന പ്രാദേശികഭരണസ്ഥാപനങ്ങളെ പട്ടാളം പിരിച്ചുവിട്ടിരിക്കുന്നു. രാജ്യത്തിൻെറ പല ഭാഗങ്ങളിലുമുണ്ടായിരുന്ന പണിമുടക്ക കമ്മിറ്റികളേയും പിരിച്ചുവിട്ടിരിക്കുകയാണ്. സമാധാനവും നിയമഭരണവും സ്ഥാപിക്കുക, സാമ്പത്തിക–അരാജകത്വം ഇല്ലാതാക്കുക, ഗതാഗതം പുനസ്സംഘടിപ്പിക്കുക, ജനങ്ങൾക്കു ഭക്ഷണം നൽകുക ഇവയാണ് തങ്ങളുടെ അടിയന്തിര ലക്ഷ്യങ്ങളെന്ന് പട്ടാളം പ്രഖ്യാപിച്ചിട്ടുണ്ട്.

ദേശീയ വിമോചനപ്രസ്ഥാനത്തിൻെറ മൂല്യങ്ങളും പാരമ്പര്യങ്ങളും ഒരളവോളം ബർമീസ് പട്ടാളം ഇപ്പോഴും നിലനിർത്തുന്നുണ്ടെന്ന് സോവിയററ് പത്രമായ 'ന്യൂ ടൈംസ്' എഴുതുന്നു. ബർമീസ് പട്ടാളത്തിനു രാജ്യത്തോട കൂറുണ്ട്. അവർ മുന്നോട്ടുവെച്ച ലക്ഷ്യങ്ങൾ ജനങ്ങളുടെ അടിയന്തിരാവശ്യങ്ങൾ കൂടിയാണ്. പക്ഷേ, സാധാരണ നില പുനഃസ്ഥാപിക്കുന്നതിനു പട്ടാളം കൈക്കൊള്ളുന്ന നടപടികൾ മർദനപരങ്ങളും ജനാധിപത്യവിരുദ്ധങ്ങളുമാകുന്നു. ഭാവിയിൽ ബർമയിൽ ജനാധിപത്യഭരണരീതി സ്ഥാപിക്കപ്പെട്ടാലും പട്ടാളം അധികാരനിർവഹണത്തിൽ നേരിട്ട് ഇടപെട്ടുകൂടെന്നില്ല.

സോഷ്യലിസത്തിൻെറ പേരും പറഞ്ഞ് നേവിൻ നടത്തിയ പട്ടാളഭരണം, ജനങ്ങൾക്ക് 'സോഷ്യലിസ'മെന്ന വാക്കിനോടുതന്നെ വെറുപ്പ് ഉളവാകുന്നതിനു കാരണമായിട്ടുണ്ട്. നേവിൻഭരണകാലത്തു ബർമയിലെ കൃഷിയും വ്യവസായങ്ങളും ക്ഷയിച്ചു; കയററുമതി നാമമാത്രമായി. കടം പെരുകി. ഒട്ടക്കമൊട്ടക്കം ബർമയിൽനിന്നു പുറത്തേക്കയച്ചിരുന്നതു്—അതും വ്യാജമായി മാത്രം—രത്നങ്ങളും മയക്കുമരുന്നുകളുമായിരുന്നു. ഈ കള്ളക്കടത്തിനു പട്ടാളത്തിലെ ഉയർന്ന ഉദ്യോഗസ്ഥർ നേതൃത്വം നൽകി(പാകിസ്ഥാനിലും മയക്കുമരുന്നു വ്യാപാരത്തിൽ പട്ടാളത്തിനുള്ള പങ്ക് പരക്കെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്). പട്ടാളത്തിൽത്തന്നെ പണക്കാരുടെ ഒരു ജാതിയും പാവപ്പെട്ടവരുടെ ഒരു ജാതിയും ഉണ്ടായിത്തീരുകയായിരുന്നു ഇതിൻെറ ഒരു ഫലം. സാധാരണ പട്ടാളക്കാർ, നേവിൻ ഭരണത്തിൽ അവർക്കു പല ആനുകൂല്യങ്ങളുമുണ്ടായിരുന്നിട്ടും,പ്രക്ഷോഭകാരികളെ വലിയ തോതിൽ അനുകൂലിച്ചതിനു് ഇതു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ബർമക്കാരുടെ ദേശീയ സ്വഭാവത്തിൻെറ രണ്ടു വശങ്ങൾ ഈ പ്രക്ഷോഭണകാലത്തു വളരെ തെളിഞ്ഞു കാണപ്പെട്ടുവെന്ന് 'ന്യൂടൈംസ്' വാരിക പറയുന്നു. ബുദ്ധമതത്തിൻേറതായ ആത്മനിയന്ത്രണം, ശാന്തി, ദയ, നയം, ക്ഷമ എന്നിവ ഇരാവതി നദിയുടെയും സിത്താങ് നദിയുടെയും ഫലപുഷ്ടങ്ങളായ താഴ്‌വരകളിൽ പാർക്കുന്ന ജനങ്ങളുടെ പ്രകടങ്ങളായ സ്വഭാവസവിശേഷതകളാണ്. പക്ഷേ, വിട്ടുവീഴ്ചയില്ലാത്ത ഒരു സമരം തുടങ്ങുമ്പോൾ അവരിൽ അടക്കാനാവാത്ത കോപം, രൂക്ഷമായ സമ്മർദം, മധ്യകാലോചിതമായ ക്രൂരത എന്നിവ മുന്നിലേക്കു വരുന്നു. സമരത്തിൻെറ ഇക്കഴിഞ്ഞ രണ്ടു മാസങ്ങളിൽ ജനക്കൂട്ടത്തിൻെറ കടിഞ്ഞാണില്ലാത്ത വികാരവിക്ഷോഭം പലകുറി ആളിക്കത്തുകയുണ്ടായി. ക്രോധാവേശത്തിൽ പ്രകടനക്കാർ—അവരിൽ തെണ്ടിവർഗക്കാർ ധാരാളമുണ്ടായിരുന്നു—തങ്ങൾ പിടിച്ച പോലീസുകാരെയും പട്ടാളക്കാ

രെയും ദേഹോപദ്രവം ചെയ്തു കൊന്നു. മനുഷ്യമാംസം ഭക്ഷിച്ച ചില സന്ദർഭങ്ങൾകൂടി ഉണ്ടായി—പരിഷ്കാരപ്പുലരിയിൽ ബർമയിൽ നിലവിലിരുന്ന ഒരു പ്രാചീന—ആചാരത്തിന്റെ പുനർജീവനം! രാജ്യത്തു പലേടത്തും ബർമ സോഷ്യലിസ്റ്റ് പ്രോഗ്രാം പാർട്ടിയിലെ അംഗങ്ങളെ ഏറെക്കുറെ മുഴുവനായി കശാപ്പുചെയ്ത കഥകൾ പ്രചരിക്കുന്നുണ്ട്. ഭരണകക്ഷിയിലെ അംഗത്വം അതിലെ മുഴുസമയ പ്രവർത്തകർക്ക് ആപൽക്കരമായിത്തീർന്നു; അവരിൽ പലരും ജീവരക്ഷയ്ക്കായി ഒളിവിൽ പോയി. ബർമീസ് നഗരങ്ങളിലെല്ലാം വ്യാപകമായി നടന്ന സർക്കാർ വിരുദ്ധ പ്രകടനങ്ങളിൽ പങ്കെടുക്കാതിരുന്ന സർക്കാർ ഉദ്യോഗസ്ഥന്മാർ മർദനഭീഷണികളടക്കം പല പരുക്കൻ സമ്മർദങ്ങൾക്കും വിധേയരാക്കപ്പെട്ടുവരുന്നു.

“പ്രായപൂർത്തിയെത്തിയ പ്രക്ഷോഭകർ പ്രകടനങ്ങൾ നടത്തുമ്പോൾ തങ്ങളുടെ കുട്ടികളെക്കൂടി കൊണ്ടുവന്നിരുന്നു. പട്ടാളക്കാർ വെടിവെച്ചപ്പോൾ ഈ കുട്ടികളിൽ പലരും മരണമടഞ്ഞു. നാലോ അഞ്ചോ വയസ്സായ ഒരു പയ്യനെ അവന്റെ ചേച്ചി റംഗൂണിന്റെ മധ്യഭാഗത്ത് ഒരു പ്രകടനത്തിന് ഒരു ദിവസം കൊണ്ടുപോകുന്നതു കണ്ട് ഞാൻ അത്ഭുതപ്പെട്ടു. കൊച്ചു മുഷ്ടി ഉയർത്തി അവൻ അന്നത്തെ മുദ്രാവാക്യം ആവർത്തിച്ചു വിളിച്ചുപറഞ്ഞു: ‘ഏകകക്ഷിഭരണം നശിക്കട്ടെ! ഞങ്ങളുടെ ലക്ഷ്യം നീതിയുക്തം.’”

ജനാധിപത്യത്തിനുവേണ്ടിയുള്ള പ്രക്ഷോഭണം ബർമയെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത കഷ്ടപ്പാടുകളിലേക്കും അരാജകത്വത്തിലേക്കും കൊള്ളകളിലേക്കും കൊണ്ടെത്തിച്ചിട്ടുണ്ട്. അത്യാവശ്യവസ്തുക്കൾ, പ്രത്യേകിച്ച് ഭക്ഷണം, കിട്ടാതായിരിക്കുന്നു. ഉള്ള ഭക്ഷണത്തിനു കൊള്ളവിലയും. ഗ്രാമങ്ങളിൽ ഉള്ള ബന്ധുക്കളുടെ സഹായംകൊണ്ടാണ് പല നഗരവാസികളും അന്നന്നത്തെ ഭക്ഷണം നേടുന്നതു്. റംഗൂണിൽ ഭക്ഷ്യക്ഷാമം ഏററവും രൂക്ഷമായിരിക്കുന്നു. ഗതാഗതത്തിനു പെട്രോൾ ഇല്ലാത്തതിനാലും കൊള്ളകൾ നിമിത്തവും അട്ടിമറിപ്രവർത്തനങ്ങളാലും, നീണ്ടുനിന്ന പണിമുടക്കങ്ങൾ മൂലവും അവിടെ സാമ്പത്തികപ്രവർത്തനം സ്തംഭിച്ചിരിക്കുന്നു.

സാധാരണജീവിതം പുനഃസ്ഥാപിക്കുന്നതിന് പട്ടാളവുമായി സഹകരിക്കുകയാണു ബർമയിലെ പുരോഗമനവാദികൾ ഇപ്പോൾ ചെയ്യേണ്ടതു് എന്ന് 'ന്യൂടൈംസ്' വാരിക പറയുന്നു. പട്ടാളത്തിനുള്ളിലും പല ഗ്രൂപ്പുകൾ പ്രത്യക്ഷപ്പെടുകയും അവ പരസ്പരം മല്ലടിച്ചുതുടങ്ങുകയുമാണെങ്കിൽ കാര്യം കൂടുതൽ വഷളാവും.

ബർമയിലെ ഇപ്പോഴത്തെ ജനാധിപത്യപ്രസ്ഥാനം ആരംഭിച്ചതു വിദ്യാർഥികളാണ്. പുരോഗമനചിന്തയുള്ള മററു പല വിഭാഗങ്ങളും വിദ്യാർഥികളെ അനുകൂലിച്ചു. ക്രമേണ ഈ പ്രസ്ഥാനം രാജ്യം മുഴുവൻ പടർന്നുപിടിച്ചു. അതേ സമയം, ഈ പ്രസ്ഥാനത്തിനു കഴിവുററ നേതൃത്വമില്ല; വ്യക്തമായ സാമൂഹ്യ—രാഷ്ട്രീയ ലക്ഷ്യങ്ങളും ഉണ്ടായിക്കഴിഞ്ഞിട്ടില്ല. പ്രക്ഷോഭണകാരികളിൽ പലരും ധരിച്ചിരിക്കുന്നതു് ജനാധിപത്യമെന്നാൽ അരാജകത്വവും, ആർക്കും എന്തും പ്രവർത്തിക്കാനുള്ള ലൈസൻസും ആണെന്നത്രെ. ഏററവും ആപൽക്കരമായ ഒരവസ്ഥയാണിതു്.

ജനകീയനേതാക്കളെ ഉൾപ്പെടുത്തി ഒരു താല്ക്കാലികമന്ത്രിസഭയുണ്ടാക്കിയാൽത്തന്നെ, പാർട്ടികളില്ലാത്തതിനാൽ മന്ത്രിസഭയ്ക്കു് സ്വന്തം പരിപാടികൾ നടപ്പിൽ വരുത്താൻ പട്ടാളത്തെ പൂർണമായും ആശ്രയിക്കേണ്ടിവരും.

ഇളവില്ലാത്ത ജാഗ്രതയാണ് ജനാധിപത്യത്തിനു നൽകേണ്ട വില. അധികാരത്തിലുള്ള കക്ഷിയെ താഴത്തിറക്കാൻ ശ്രമിക്കുന്നതിൽ കൂടുതൽ ജാഗ്രതയോടെ, വ്യക്തമായ ലക്ഷ്യങ്ങൾ മുൻനിർത്തി ജനങ്ങളെ സംഘടിപ്പിക്കാനും ശ്രമിച്ചുകൊണ്ടിരുന്നില്ലെങ്കിൽ, ജനാധിപത്യം എവിടെ അവസാനിക്കുന്നു എന്നും അരാജകത്വം എവിടെ ആരംഭിക്കുന്നു എന്നും പറയുക പ്രയാസമായിരിക്കും. ബർമയുടെ പാഠം അതാണ്.

(19 ഒക്ടോബർ, 1988)